# പതിമൂന്നാം കേരള നിയമസഭ

## എഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2837 — 14.02.2013-ൽ മറുപടിയ്ക്ക്

## വ്യാജ ജാതി സർട്ടിഫിക്കറ്റ് സംബന്ധിച്ച റിപ്പോർട്ടുകൾ സ്കൂട്ടിനി കമ്മിറ്റി പരിഗണിക്കുന്നതിലെ കാലതാമസം

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി | ശ്രീ.എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും, വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) വ്യാജ ജാതി സർട്ടിഫിക്കറ്റ് സംബന്ധിച്ച എത്ര റിപ്പോർട്ടുകൾ കിർത്താഡ്സിന്റെ സ്കൂട്ടിനി കമ്മിറ്റി പരിഗണിക്കാനുണ്ട്; | (എ) വ്യാജ ജാതി സർട്ടിഫിക്കറ്റ് സംബന്ധിച്ച് കിർത്താഡ്സിൽ നിന്നും ലഭ്യമായ 87 റിപ്പോർട്ടുകൾ സ്കൂട്ടിനി കമ്മിറ്റി പരിഗണിക്കാനുണ്ട്. |
| (ബി) റിപ്പോർട്ടുകൾ പരിശോധിച്ച് അന്തിമ തീരുമാനമെടുക്കുന്നതിലെ കാലതാമസം യഥാർത്ഥ അവകാശികൾക്ക് കിട്ടേണ്ട ആനുകൂല്യം ലഭ്യമാക്കാതെ പോകുന്നു എന്ന കാര്യം പരിഗണിച്ച് സമയബന്ധിതമായി അന്തിമ തീരുമാനമെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (ബി) കിർത്താഡ്സിൽ നിന്ന് ലഭ്യമാകുന്ന റിപ്പോർട്ടുകൾ സ്കൂട്ടിനി കമ്മിറ്റി വിശദമായി പരിശോധിക്കുകയും, ഇതിനു ശേഷം ആരോപണവിധേയനായ ആൾക്ക്, അവരുടെ ഭാഗം വിശദീകരിക്കുവാനുള്ള അവസരം നൽകുകയും ചെയ്യാറുണ്ട്. ഇതിനായി ടിയാളുകൾക്ക് നോട്ടീസ് നൽകി ഹിയറിംഗ് നടത്തുകയും, ടിയാളുടെ വിശദീകരണം കേട്ടശേഷം മാത്രമേ ഇതിന്മേൽ അന്തിമതീരുമാനം സ്കൂട്ടിനി കമ്മിറ്റി കൈക്കൊള്ളാറുള്ളൂ. അപേക്ഷകർ ആവശ്യപ്പെടുന്ന പക്ഷം സാക്ഷികളെ ക്രോസ് വിസ്താരം നടത്തുവാനും അനുവദിക്കാറുണ്ട്. ഇത്രയും നടപടിക്രമങ്ങൾ പാലിയ്ക്കുന്നതു കൊണ്ടാണ് സ്കൂട്ടിനി കമ്മിറ്റി മുമ്പാകെ വരുന്ന കേസ്സുകളിൽ അന്തിമ തീരുമാനം കൈക്കൊള്ളുവാൻ സാധാരണ ഗതിയിൽ കാലതാമസം ഉണ്ടാകാറുള്ളത്. എങ്കിലും കിർത്താഡ്സിന്റെ റിപ്പോർട്ടുകൾ പരിശോധിച്ച് അന്തിമ തീരുമാനമെട്ട |

ക്കുന്നതിലെ കാലതാമസം യഥാർത്ഥ അവകാശികൾക്ക് കിട്ടേണ്ട ആനുകൂല്യം ലഭ്യമാകാതെ പോകുന്നു എന്ന കാര്യം പരിഗണിച്ച്, സ്കൂട്ടിനി കമ്മിറ്റി മുമ്പാകെ വരുന്ന കേസ്സുകളിൽ, മേൽ വിശദീകരിച്ച നടപടിക്രമങ്ങൾ സമയബന്ധിതമായി നടപ്പിലാക്കി അന്തിമ തീരുമാനം എടുക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ